# 'യേശു എന്റെ ഉറ്റമിത്രം'

## സദൃശവാക്യങ്ങൾ 18:24

"വളരെ സ്നേഹിതന്മാരുള്ള മനുഷ്യന്നു നാശം വരും; എന്നാൽ സഹോദരനെക്കാളും പറ്റുള്ള സ്നേഹിതന്മാരും ഉണ്ടു."

ഈ ലോക ജീവിതത്തിലായിരിക്കുമ്പോൾ നമുക്ക് പല സമയങ്ങളിലായി പല തരത്തിലുള്ള വ്യക്തിത്വങ്ങളെ സ്നേഹിതന്മാരായി സ്വീകരിക്കേണ്ടി വന്നിട്ടുണ്ട്, വന്നുകൊണ്ടിരിക്കുന്നു, ഇനിയും വരും. എന്നാൽ വാസ്തവത്തിൽ നാം ഏറ്റവും അടുത്ത സുഹൃത്തുക്കൾ എന്നു പറയുന്ന ഈ വ്യക്തിബന്ധങ്ങൾക്ക് നമ്മുടെ കർത്താവായ യേശുക്രിസ്തുവുമായി എപ്രകാരമുള്ള ഒരു ബന്ധമാണുള്ളത്? അല്ലെങ്കിൽ കർത്താവിനെക്കുറിച്ച് അറിയാവുന്നവരാണോ ഈ സ്നേഹിതന്മാർ? ഇതൊന്നു ചിന്തിച്ചു നോക്കിയാൽ നാം പലപ്പോഴും യഥാർത്ഥ സ്നേഹിതന്മാരെ തിരഞ്ഞെടുക്കുന്നതിൽ പരാജയം സംഭവിച്ചവരാണെന്നു പറയുന്നതിൽ യാതൊരു തെറ്റും കാണില്ല. പലരുടെയും ജീവിതത്തിൽ നോക്കിയാൽ നമുക്ക് കണാൻ കഴിയും ഇപ്രകാരം കർത്താവിനെ അറിയാത്ത പല സ്നേഹബന്ധങ്ങളും നമ്മെ കർത്താവിൽ നിന്നും അവന്റെ രക്ഷാ പദ്ധതിയിൽ നിന്നും അകറ്റി നിർത്താൻ കാരണമാകുന്നവയായിരിക്കും. അവർ നമ്മെ പാപത്തിന്റെ വഴിയെ പോകുവാൻ പ്രേരിപ്പിക്കും. അത് തിരിച്ചറിഞ്ഞ് നാം മാറാത്തിടത്തോളം നമ്മുടെ ജീവിതം കർത്താവിന്റെ മുമ്പിൽ ഒരു വലിയ പരാജയം ആയിത്തീരുവാൻ ഇടയാകും.

2 കൊരിന്ത്യർ 6:14 ൽ പൗലോസ് ഇപ്രകാരം നമ്മെ ഓർമ്മിപ്പിക്കുന്നു "നിങ്ങൾ അവിശ്വാസികളോടു ഇണയില്ലാപ്പിണ കൂടരുതു; നീതിക്കും അധർമ്മത്തിന്നും തമ്മിൽ എന്തോരു ചേർച്ച? വെളിച്ചത്തിന്നു ഇരുളോടു എന്തോരു കൂട്ടായ്മ?"

അങ്ങനെയെങ്കിൽ അങ്ങനെയുള്ളവരോട് ആവശ്യപ്പെടുന്ന ഒരു കാര്യം അതിന്റെ അടുത്ത വാക്യത്തിൽ പറയുന്നതിപ്രകാരമാണ് "അതു കൊണ്ടു അവരുടെ നടുവിൽ നിന്നു പുറപ്പെട്ടു വേർപ്പെട്ടിരിപ്പിൻ എന്നു കർത്താവു അരുളിച്ചെയ്യുന്നു;" (2 കൊരിന്ത്യർ 6:17).

വി. വേദപുസ്തകത്തിൽ ആകമാനം നോക്കിയാൽ നാം ആരെ സ്നേഹിതന്മാർ എന്നു കണക്കിടണം എന്ന് മേൽക്കണ്ടതുപോലുള്ള ചില നിർദ്ദേശങ്ങൾ നമുക്ക് വചനത്തിൽ കാണാം. ആയതിനാൽ നാം വചനം അനുവർത്തിക്കുന്നവരാണെങ്കിൽ ദൈവം നമ്മെ വിളിക്കുമ്പോൾ അവന്റെ വിളിക്കു യോഗ്യമാം വണ്ണം ജീവിക്കുവാൻ നമുക്ക് ചില കാര്യങ്ങളെയും വ്യക്തികളെയും വിവേചിക്കുവാനുള്ള ദൈവീക ജ്ഞാനം

ഉണ്ടായിരിക്കണം. അത് ദൈവവുമായുള്ള നിരന്തര ബന്ധത്തിൽ നിന്നും, ഇങ്ങനെയുള്ള അവിശ്വാസികളുടെ ഇടയിൽ നിന്നും ഒഴിഞ്ഞു നിൽക്കുക വഴിയും മാത്രമേ നമുക്ക് ലഭിക്കുകയുള്ളൂ. കാരണം നമ്മിൽ നിക്ഷിപ്തമായിരിക്കുന്ന അവന്റെ ആത്മാവിന്റെ കത്തൽ എന്നു പറയുന്നത് നമ്മെ ശുദ്ധീകരിക്കുവാനുള്ള ഒന്നാണ്. എന്നാൽ നാം പരിഹാസികളുടെയും അവിശ്വാസികളുടെയും ഇടയിൽ പാർക്കുമ്പോൾ ശുദ്ധീകരണത്തിന്നു പകരം നമ്മെ ദഹിപ്പിക്കുന്ന അഗ്നിക്കാണ് ഇരയായിത്തീരുന്നത് എന്നുള്ള ബോധ്യം നമുക്കുണ്ടായിരിക്കണം.

ഇനി നമ്മുടെ ചിന്താ വാക്യത്തിന്റെ രണ്ടാം ഭാഗത്തേക്ക് നോക്കുകയാണെങ്കിൽ അവിടെ ഇപ്രകാരം പറയുന്നു "എന്നാൽ സഹോദരനെക്കാളും പറ്റുള്ള സ്നേഹിതന്മാരും ഉണ്ടു."

യോഹന്നാൻ സുവിശേഷത്തിൽ ഇപ്രകാരം പറയുന്നുണ്ട് "സ്നേഹിതന്മാർക്കു വേണ്ടി ജീവനെ കൊടുക്കുന്നതിലും അധികമുള്ള സ്നേഹം വേറെ ആർക്കും ഇല്ല." (**യോഹന്നാൻ 15:14**). നമ്മുടെ ജീവിതത്തിൽ നമ്മെ സ്നേഹിക്കുന്നവരായി അനേകം പേർ ഉണ്ടാവും. നമ്മുടെ മാതാപിതാക്കൾ, ഭാര്യ/ഭർത്താവ്, മക്കൾ, കൂട്ടായ്മ സുഹൃത്തുക്കൾ അങ്ങനെ ഒരു നീണ്ട നിര തന്നെ കാണും. എന്നാൽ ഇതെല്ലാം വെറും ലൗകീകമായ സ്നേഹമാണെന്ന് പഠിപ്പിച്ചതും അതു ശരിയാണെന്ന് തെളിയിച്ചതും ഒരേ ഒരാൾ മാത്രമേ ഉള്ളൂ അതു നമ്മുടെ കർത്താവും രക്ഷിതാവുമായ യേശു ക്രിസ്തു അല്ലാതെ മറ്റാരുമല്ല. തന്റെ പിതാവിന്റെ ഹിതം നിറവേറുന്നതിനായി തന്നെ പൂർണ്ണമായി സമർപ്പിച്ചുകൊടുത്ത് നാം ഓരോരുത്തർക്കും വേണ്ടി തന്റെ അവസാന തുള്ളി രക്തം വരെ ഒഴുക്കിയവനായ മഹാസ്നേഹിതനാണവൻ. ആ സ്നേഹം ആണ് ഇന്നു നാം അന്വേഷിക്കേണ്ടത്, കണ്ടെത്തേണ്ടത്, രുചിച്ചറിയേണ്ടത്.

ഒരു നിമിഷം നാം നമ്മോട് തന്നെ ഒന്നു ചോദിക്കുക, ഞാൻ എന്റെ ജീവിതത്തിൽ സ്നേഹിതന്മാരായി കാണുന്നവർ യഥാർത്ഥത്തിൽ കർത്താവിന്റെ സ്നേഹിതന്മാരാണോ? നാം തെറ്റിന്റെ പാതയിലാണോ സഞ്ചരിക്കുന്നത്? അങ്ങനെയെങ്കിൽ ഇന്നു തന്നെ ഒരു തിരിച്ചുവരവു നടത്തിയേ പറ്റൂ. ആ ക്രൂശിന്റെ പാതയെ ലക്ഷ്യമാക്കി നടന്നു നീങ്ങാം. യഥാർത്ഥ സ്നേഹിതനായ നമ്മുടെ നല്ല നാഥനെ, കർത്താവായ യേശുവിനെ നമുക്ക് നമ്മുടെ നല്ല സഖിയായി സ്വീകരിക്കാം. അതിന്നു നമ്മെ ദൈവത്തിന്റെ അതിപരിശുദ്ധറൂഹാ സഹായിക്കുമാറാകട്ടെ എന്നു പ്രാർത്ഥിക്കുന്നു. ദൈവം നമ്മെ അനുഗ്രഹിക്കുമാറാകട്ടെ.

പരാമർശം :

യോഹന്നാൻ 15:15

“യജമാനൻ ചെയ്യുന്നതു ദാസൻ അറിയായ്കകൊണ്ടു ഞാൻ നിങ്ങളെ ദാസന്മാർ എന്നു ഇനി പറയുന്നില്ല; ഞാൻ എന്റെ പിതാവിനോടു കേട്ടതു എല്ലാം നിങ്ങളോടു അറിയിച്ചതു കൊണ്ടു നിങ്ങളെ സ്നേഹിതന്മാർ എന്നു പറഞ്ഞിരിക്കുന്നു.”

ബ്രദർ ബിനു ബേബി ആലപ്പുഴ 033